# കേരള സാഹിത്യ അക്കാദമി

**പത്രക്കുറിപ്പ്** തൃശൂർ

27-10-2017

സഹോദരതുല്യനായിരുന്നു വ്യക്തിപരമായി എനിക്ക് പുനത്തിൽ കുഞ്ഞബ്ദുള്ള. ദീർഘകാലത്തെ സൗഹൃദം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. ഞാൻ തമിഴ്നാട്ടിലായിരുന്നപ്പോൾ മുതൽ അദ്ദേഹത്തോട് ഫോണിൽ സംസാരിക്കാറുണ്ട്. സർഗ്ഗാത്മകതയ്ക്ക് സഹജമായ അരാജകത്വം ഭൂരിഭാഗം എഴുത്തുകാരും എഴുത്തിൽ ഒതുക്കുകയും ജീവിതത്തിൽ പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യും. കുഞ്ഞബ്ദുള്ള ജീവിതത്തിലും അത് പ്രകടിപ്പിച്ചു. കുസൃതിക്കാരനായ ഒരു കുട്ടിയെ പോലെയാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. ഒന്നും മറച്ചുവെക്കാത്ത നിഷ്കളങ്കമായ സ്വഭാവമാണ് അദ്ദേഹത്തിന്റേത്. വിവാദങ്ങളിൽ അകപ്പെട്ടപ്പോഴും അദ്ദേഹത്തിന്റെ മുഖത്ത് കുസൃതിനിറഞ്ഞ ഒരു ചിരിയാണ് കണ്ടിട്ടുള്ളത്. ജീവിതം അതിരില്ലാതെ ആഘോഷിച്ച ഒരു എഴുത്തുകാരനാണ് കുഞ്ഞബ്ദുള്ള. അദ്ദേഹത്തിന്റെ വേർപാട് ഒരുപാട് സങ്കടം ഉണ്ടാക്കുന്നുണ്ട്. അദ്ദേഹത്തിന് ആദരാഞ്ജലികൾ.

**വൈശാഖൻ**

പ്രസിഡണ്ട്